**15 -ാം കേരള നിയമസഭ**

**14 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2702** **06-10-2025 - ൽ മറുപടിയ്ക്ക്**

**നാദാപുരം മണ്ഡലത്തിലെ വൈദ്യുതിക്ഷാമം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. ഇ കെ വിജയൻ** | | **ശ്രീ . കെ . കൃഷ്ണൻകുട്ടി**<br>**(വൈദ്യുതി വകുപ്പ് മന്ത്രി)** | |
| (എ) | നാദാപുരം മണ്ഡലത്തിൽ വൈദ്യുതിക്ഷാമം പരിഹരിക്കുന്നതിന് വകുപ്പ് മുഖേന പൂർത്തിയായ പ്രോജക്ടുകൾ ഏതൊക്കെയാണെന്ന് വ്യക്തമാക്കാമോ; | (എ) | കെ എസ് ഇ ബി എൽ നാദാപുരം മണ്ഡലത്തിൽ സൗര ഫേസ്-1 പദ്ധതിയിൽ ഉൾപ്പെടുത്തി 479 kW സ്ഥാപിത ശേഷിയിൽ 44 സോളാർ പ്ലാന്റുകൾ പൂർത്തീകരിച്ചു. ഇതിനായി ആകെ 2,06,08,091/- രൂപ ചെലവഴിച്ചിട്ടുണ്ട്.<br><br>നാദാപുരം മണ്ഡലത്തിലെ വൈദ്യുതിക്ഷാമം പരിഹരിക്കുന്നത് ആ പ്രദേശങ്ങളെ 2016 മുതൽ 2018 വരെയുള്ള കാലയളവിൽ ബോർഡ് ഫണ്ടിൽ ഉൾപ്പെടുത്തി 6.5 കോടി രൂപയോളം ചെലവ് വരുന്ന നിരവധി പ്രവൃത്തികളും, ദ്യുതി 1 പദ്ധതിയിൽ (2018-2021) ഉൾപ്പെടുത്തി 16.79 കോടി രൂപയോളം ചെലവ് വരുന്ന പ്രവൃത്തികളും പൂർത്തീകരിച്ചു. കൂടാതെ ദ്യുതി 2 പദ്ധതിയുടെ ഭാഗമായി 2022-23, 2023-24, 2024-25, 2025-26, 2026-27 വർഷങ്ങളിലേക്കായി 15.30 കോടി രൂപയുടെ പ്രവൃത്തികൾ ആസൂത്രണം ചെയ്തിട്ടുണ്ട്. ഇതിൽ 11 കോടി രൂപയുടെ പ്രവൃത്തികൾ പൂർത്തീകരിച്ചിട്ടുണ്ട്.<br><br>നാദാപുരം മണ്ഡലത്തിൽ വൈദ്യുതിക്ഷാമം പരിഹരിക്കുന്നതിന് ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം ട്രാൻസ്മിഷൻ സർക്കിൾ കോഴിക്കോടിന് കീഴിൽ താഴെ പറയുന്ന പദ്ധതികൾ നടപ്പിലാക്കിയിട്ടുണ്ട്.<br><br>1) ചാത്തങ്ങോട്ടുനട ചെറുകിട ജലവൈദ്യുത പദ്ധതിയിൽ നിന്നും പവർ ഇവാക്വേഷൻ ചെയ്യുന്നതിന് വേണ്ടിയുള്ള 33kVലൈൻ കുറ്റ്യാടി സബ്സ്റ്റേഷനിലേക്ക് 231 ലക്ഷം രൂപ ചെലവിൽ 2021 മാർച്ചിൽ പൂർത്തീകരിച്ചിട്ടുണ്ട്.<br><br>2) 110KV നാദാപുരം സബ്സ്റ്റേഷന്റെ ശേഷി വർദ്ധിപ്പിക്കുന്ന പ്രവൃത്തി പുരോഗമിച്ച് വരുന്നു.<br>അടങ്കൽ തുക - 261 ലക്ഷം |

| | | | |
|---|---|---|---|
| | | | നാദാപുരം പഞ്ചായത്തിൽ അനെർട്ട് മുഖേന 8 കിലോവാട്ട് സൗരോർജ്ജ നിലയം സ്ഥാപിക്കുന്നതിനുള്ള സാധ്യത പഠനം നടത്തിയിട്ടുണ്ട്. |
| (ബി) | 2016 ജൂൺ മുതൽ നാളിതുവരെ ഈ മണ്ഡലത്തിലെ പത്ത് പഞ്ചായത്തുകളിൽ വൈദ്യുതിക്ഷാമം പരിഹരിക്കുന്നതിന് നടപ്പിലാക്കിയ പദ്ധതികൾ ഏതൊക്കെയാണെന്ന് അടങ്കൽ തുക സഹിതം വിശദമാക്കാമോ; | (ബി) | കെ എസ് ഇ ബി എൽ നാദാപുരം മണ്ഡലത്തിൽ സൗര ഫേസ്-1 പദ്ധതിയിൽ ഉൾപ്പെടുത്തി 479 kW സ്ഥാപിത ശേഷിയിൽ 44 സോളാർ പ്ലാന്റുകൾ പൂർത്തീകരിച്ചു. ഇതിനായി ആകെ 2,06,08,091/- രൂപ ചെലവഴിച്ചിട്ടുണ്ട്.<br><br>നാദാപുരം മണ്ഡലത്തിലെ വൈദ്യുതിക്ഷാമം പരിഹരിക്കുന്നത് ആ പ്രദേശങ്ങളെ 2016 മുതൽ 2018 വരെയുള്ള കാലയളവിൽ ബോർഡ് ഫണ്ടിൽ ഉൾപ്പെടുത്തി 6.5 കോടി രൂപയോളം ചെലവ് വരുന്ന നിരവധി പ്രവൃത്തികളും, ദ്യുതി 1 പദ്ധതിയിൽ (2018-2021) ഉൾപ്പെടുത്തി 16.79 കോടി രൂപയോളം ചെലവ് വരുന്ന പ്രവൃത്തികളും പൂർത്തീകരിച്ചു. കൂടാതെ ദ്യുതി 2 പദ്ധതിയുടെ ഭാഗമായി 2022-23, 2023-24, 2024-25, 2025-26, 2026-27 വർഷങ്ങളിലേക്കായി 15.30 കോടി രൂപയുടെ പ്രവൃത്തികൾ ആസൂത്രണം ചെയ്തിട്ടുണ്ട്. ഇതിൽ 11 കോടി രൂപയുടെ പ്രവൃത്തികൾ പൂർത്തീകരിച്ചിട്ടുണ്ട്.<br><br>നാദാപുരം മണ്ഡലത്തിൽ വൈദ്യുതിക്ഷാമം പരിഹരിക്കുന്നതിന് ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം ട്രാൻസ്മിഷൻ സർക്കിൾ കോഴിക്കോടിന് കീഴിൽ താഴെ പറയുന്ന പദ്ധതികൾ നടപ്പിലാക്കിയിട്ടുണ്ട്.<br><br>1) ചാത്തങ്കോട്ടുനട ചെറുകിട ജലവൈദ്യുത പദ്ധതിയിൽ നിന്നും പവർ ഇവാക്വേഷൻ ചെയ്യുന്നതിന് വേണ്ടിയുള്ള 33kVലൈൻ കുറ്റ്യാടി സബ്സ്റ്റേഷനിലേക്ക് 231 ലക്ഷം രൂപ ചെലവിൽ 2021 മാർച്ചിൽ പൂർത്തീകരിച്ചിട്ടുണ്ട്.<br><br>2) 110KV നാദാപുരം സബ്സ്റ്റേഷന്റെ ശേഷി വർദ്ധിപ്പിക്കുന്ന പ്രവൃത്തി പുരോഗമിച്ചു വരുന്നു. അടങ്കൽ തുക - 261 ലക്ഷം<br><br>നാദാപുരം പഞ്ചായത്തിൽ അനെർട്ട് മുഖേന 8 കിലോവാട്ട് സൗരോർജ്ജ നിലയം സ്ഥാപിക്കുന്നതിനുള്ള സാധ്യത പഠനം നടത്തിയിട്ടുണ്ട്. |
| (സി) | ഈ പദ്ധതികൾ നടപ്പിലാക്കിയത് വഴി ഏതൊക്കെ ഗ്രാമ പഞ്ചായത്തിൽ വൈദ്യുതി ക്ഷാമത്തിന് പരിഹാരം ആയിട്ടുണ്ടെന്ന് വിശദമാക്കാമോ? | (സി) | ഈ പദ്ധതികൾ നടപ്പിലാക്കിയത് വഴി ചെക്യാട്, എടച്ചേരി, കാവിലുംപാറ, കായക്കൊടി, മരുതോങ്കര, നാദാപുരം, നരിപ്പറ്റ, തൂണേരി, വളയം, വാണിമേൽ എന്നീ ഗ്രാമപഞ്ചായത്തുകളിലെ വിവിധ |

| | | | |
|---|---|---|---|
| | | | പ്രദേശങ്ങളിലെ വൈദ്യുതി ക്ഷാമത്തിന് പരിഹാരമായിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ